**Weekly devotion January 2018**

# God Who Changes Humiliation

## (ലജ്ജയില്ലാതാകുന്ന ദൈവം)




ജീവിതത്തിൽ പരാജയപ്പെട്ടവർക്ക് ആശ്വാസമായിരുന്നു ആ അമേരിക്കൻ യുവാവ്. ഒരിക്കൽ നിരാശനായ ഒരുവൻ ഈ യുവാവിനോട് തന്റെ ജീവിതത്തിൽ തനിക്കുണ്ടായ ലജ്ജയുടെയും നാണക്കേടുകളുടെയും തീവ്രമായ സങ്കട കഥ പറഞ്ഞു. കഥ തീർന്നപ്പോൾ അമേരിക്കക്കാരൻ യുവാവ് നിരാശയിലായ യുവാവിനെ തന്റെ മുറിയിൽ തൂക്കിയിട്ട ഒരു ചാർട്ടിനു മുൻപിൽ നിർത്തിയിട്ട് അത് വായിക്കുവാൻ ആവശ്യപ്പെട്ടു. 1831 ൽ ബിസിനസ്സിൽ പരാജയം. 1835 ൽ ഭാര്യയുടെ മരണം. 1832 മുതൽ പത്തു പ്രാവശ്യം തിരഞ്ഞെടുപ്പിൽ തോറ്റു. നാണക്കേടുമൂലം തകർന്നു. എന്നാൽ തളരാതെ വീണ്ടും ജീവിച്ചു. തോൽവിയെ വിജയമാക്കി. 1860 ൽ അമേരിക്കൻ പ്രസിഡന്റായിത്തീർന്നു. വായന തീർന്നപ്പോൾ യുവാവ് തന്റെ മുൻപിൽ നില്കുന്ന പരാജയങ്ങളെ അതിജീവിച്ച അമേരിക്കൻ യുവാവിനെ നോക്കി പുഞ്ചിരിച്ചു. അതേ! ആ അമേരിക്കക്കാരൻ യുവാവ് ആയിരുന്നു ഏബ്രഹാം ലിങ്കൺ.

ഇന്നത്തെ തലമുറ ഭൂരിപക്ഷവും പ്രതിസന്ധികളുടെ നടുവിൽ പരാജയത്തിന് കീഴടങ്ങുന്നതിനാലാണ് ആത്മഹത്യനിരക്ക് വർദ്ധിക്കുന്നത്. ഇതിന്റെ കാരണം പരാജയത്തെ നാം മാനുഷിക കാഴ്ചപ്പാടിൽ കാണുന്നതു കൊണ്ടാണ്. യെശ:(61;7)ൽ പറയുന്നത് "നാണത്തിനു പകരം ഇരട്ടിയായി പ്രതിഫലം കിട്ടും, ലജ്ജയ്ക്കു പകരം തങ്ങളുടെ ഓഹരിയിൽ സന്തോഷിക്കും എന്നാണ്, വാഗ്ദത്തം തന്ന വിശ്വസ്തനായ ദൈവത്തിലാശ്രയിക്കുന്നവർക്ക് നാണക്കേടുമാറ്റി നിത്യാനന്ദം തരുവാൻ യഹോവ മതിയായവനാണ് ഉറ്റവരിലും ഉടയവരിലും ലോകത്തിലും ആശ്രയിക്കാതെ ലോകത്തെ ജയിച്ചവനായ ക്രിസ്തുവിൽ ആശ്രയിക്കുക.ദൈവാശ്രയം നമ്മെ വിജയത്തിലേക്ക് നയിക്കുന്നു. നിങ്ങളുടെ നാണക്കേടിന്റെ വിഷയങ്ങളെ കർത്താവിന്റെ കരത്തിലേല്പിക്കുമോ?

ഉദാഹരണമായി മർക്കോ(6;34-43) വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക.ഇടയനില്ലാത്ത ആടുകളെപ്പോലെ അലഞ്ഞ് തന്റെ അടുക്കൽ എത്തിയ ജനത്തിന് ആത്മിക ആഹാരം നൽകിയ ഗുരു; വഴിയിൽ തളർന്നു വീഴാതിരിപ്പാൻ അവർക്ക് ആവശ്യമുള്ള ആഹാരം കൊടുക്കുവാൻ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. നാണക്കേട് അനുഭവിച്ച രണ്ടുകൂട്ടരെ നോക്കുക. ഒന്ന് ശിഷ്യന്മാർ . ആർക്കും നൽകുവാൻ ഭൗതികമോ ആത്മികമോ ആയ ആഹാരം അവരുടെ കൈവശമില്ല. രണ്ടാമതായി തന്റെ കയ്യിലെ പഴകിയ യവത്തപ്പവും മീനും ചോദിച്ചപ്പോൾ ബാലനും നാണക്കെട് തോന്നി.എന്നാൽ യഹോവ വാഴ്ത്തി അനുഗ്രഹിച്ച് വിളമ്പാൻ ഏല്പിച്ചപ്പോൾ നാണക്കേടു മാറി ലജ്ജയായതിൽ മാനം ഉണ്ടായി. ഇന്ന് കൺവൻഷകളും ക്രൂസേഡുകളും ധ്യാനപ്രസംഗങ്ങളുമുണ്ട്. എന്നാൽ ഇവയ്ക്കൊന്നും മനുഷ്യ ഹൃദയങ്ങളിൽ രൂപാന്തരം വരുത്തുവാൻ കഴിയുന്നില്ല. സുവിശേഷത്തിന്റെ ശക്തി ചോരാതെ സൂക്ഷിക്കേണ്ട കാലമാണിത്

ഈ അവസരത്തിൽ മോർദ്ദേഖായി, എസ്ഥേറിന് നൽകിയ ഉപദേശം ചിന്തനീയമാണ് Read എസ്ഥേർ(4:14) യഹൂദജാതിയെ നശിപ്പിക്കുവാൻ ഹാമാൻ തയാറായപ്പോൾ 4 കാര്യങ്ങളാണ് ജനത്തിന്റെ നാണക്കേടുമാറ്റുവാൻ എസ്ഥേർ ചെയ്യേണ്ടത് എന്ന് അദ്ദേഹം ഓർമ്മിപ്പിക്കുന്നു(1) സമയം (2) പിതൃഭവനത്തിന്റെ നാശം(3) കാലം (4)സ്ഥാനം

പ്രീയരെ! ലോകം വല്ലാത്ത ഒരവസ്ഥയിലായ ഒരു കാലത്ത് നാം എത്തിയിരിക്കുന്നു. (ദൈവമക്കൾ) ആരും നശിച്ചു പോകുവാൻ ആഗ്രഹിക്കാത്ത ദൈവം, തന്റെ മക്കൾ എന്ന പദവിയാണ് നമുക്ക് തന്നിരിക്കുന്നത്. ആമഹത്വമുള്ള പദവി നഷ്ടമാക്കാതെ ക്രൈസ്തവ ലോകം ഉണർന്ന് പ്രവർത്തിക്കണം. യഹൂദജനം ഉപവസിച്ചു പ്രാർത്ഥിച്ചു പ്രവർത്തിച്ചു. അതുപോലെ നമുക്കും പ്രർത്ഥനയോടെ നമ്മുടെ രാജാധിരാജാവിനോട് 2017ൽ പ്രതികൂലങ്ങളായ വിഷയങ്ങളെ, ലജ്ജിപ്പിച്ച വിഷയങ്ങളെ ഏല്പിച്ചു പ്രാർത്ഥിക്കാം. യഹോവ അനുഗ്രഹിച്ച സന്തതി എന്ന് പുതുവർഷം മറ്റുള്ളവർ നമ്മെക്കുറിച്ച് അറിയുവാർ ഇടയാകട്ടെ


## Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind